LIBRARY ARCHIVES Kerala Legislative Assembly

പി. ഡബ്ല്യു. ഡി. റോഡ് പുറമ്പോക്ക് സ്ഥലം

30 [3011] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 213-ൽ മണ്ണാർക്കാട് കൊറ്റിയോട് മുതൽ ചുരിയോട് വരെ പി. ഡബ്ല്യു. ഡി. റോഡ് പുറമ്പോക്ക് സ്ഥലം ഏതെല്ലാം വ്യക്തികൾ കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ ഒഴിപ്പിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുറമ്പോക്ക് സ്ഥലം കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ റോഡ് ദേശീയ പാതയായി പ്രഖ്യാപിച്ചതിന് ശേഷം അതിരുകൾ നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എടുത്തുവരുന്നു.

(ബി) ബാധകമല്ല.

സ്ഥലം ലഭിക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത റോഡുകൾ

31 [3012] *ശ്രീ. ടി. കെ. ദേവകുമാർ:*

„ *എ. കെ. ബാലൻ:*

„ *മഞ്ഞളാംകുഴി അലി:*

„ *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡു നിർമ്മാണത്തിന് സ്ഥലം അക്വയർ ചെയ്ത് കിട്ടാത്തതിനാൽ, ടെണ്ടർ ഉറപ്പിച്ച ഏതെങ്കിലും വർക്ക് ആരംഭിക്കാൻ കഴിയാതെ നീണ്ടുപോയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റോഡുകളുടെ കാര്യത്തിലാണ് ഇങ്ങനെ സംഭവിച്ചത്;

(ബി) സ്ഥലം അക്വയർ ചെയ്തു കിട്ടുന്നതിന് മുമ്പ് ടെണ്ടർ വിളിക്കാനിടയായ സാഹചര്യം എന്തായിരുന്നു;

(സി) ടെണ്ടർ വിളിച്ച് വർക്ക് എഗ്രിമെന്റ് വെച്ച കേസുകളിൽ സ്ഥലം അക്വിസിഷൻ പൂർത്തിയാകാത്തതിനാൽ കോൺട്രാക്ടർമാർക്ക് എസ്ക്കലേഷൻ നൽകേണ്ടതായി വരുമോ; എങ്കിൽ ഏതെല്ലാം റോഡുകളുടെ കാര്യത്തിലാണ് അക്വിസിഷൻ നടപടികൾ താമസിക്കുന്നത്; ഇതിന്റെ കാരണമെന്താണ്;

(ഡി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പ്രകാരമുള്ള ഏതെല്ലാം പാക്കേജുകളിൽപ്പെട്ട ഏതെല്ലാം റോഡുകളാണ് ടെണ്ടർ ഉറപ്പിച്ചതിന് ശേഷവും സ്ഥലം ലഭിക്കാത്തതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ താഴെ പറയുന്ന പണികൾ നീണ്ടുപോയിട്ടുണ്ട്:

(1) ആറ്റുകാൽ കിള്ളിയാർ പാലം.

(2) മുഹമ്മ തണ്ണീർമുക്കം കായൽ ബാങ്ക് റോഡ് കി.മീ. 0/00 മുതൽ 3/500 വരെ.

(3) പാലക്കാട് ബൈപ്പാസും, കോയമ്പത്തൂർ റോഡും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്.

(4) ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി - മാടായി റ്റി.ബി. - മുട്ടം പാലക്കാട് - ഏട്ടിക്കുളം ഹൈസ്ക്കൂൾ റോഡ് കി.മീ. 0/000 മുതൽ 3/525 വരെ.

(5) ചൊവ്വ എടക്കാട് ബൈപ്പാസ് റോഡ്.

(ബി) മുകളിൽ സൂചിപ്പിച്ച ആദ്യത്തെ മൂന്നു പണികളുടെ കാര്യത്തിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി അധികൃതർ ആവശ്യമായ സ്ഥലം ലഭ്യമാക്കിക്കൊള്ളാം എന്ന ഉറപ്പ് നൽകിയിരുന്നതിനാലും ഏഴിമല നാവിക അക്കാഡമിയുടെ പണിക്ക് ഏഴിമല നാവിക അക്കാഡമി കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശം അനുസരിച്ചും ചൊവ്വ എടക്കാട് ബൈപ്പാസ് റോഡിന്റെ പണിക്ക് റെയിൽവേ വകുപ്പിൽ നിന്ന് സ്ഥലം വിട്ടുകിട്ടുമെന്ന പ്രതീക്ഷയിലുമാണ് ടെണ്ടർ ചെയ്തത്.

(സി) നൽകേണ്ടതായി ഉണ്ട്. എസ്കലേഷൻ സംബന്ധിച്ച് ഓരോ പണിയുടെയും, പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി, ആവശ്യമായ ശുപാർശകൾ ലഭ്യമാക്കി, പരിശോധിച്ചശേഷം മാത്രമേ തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പ്രകാരം ടെണ്ടർ ഉറപ്പിച്ച പാക്കേജ് 1-ന്റെ ഭാഗമായ തൈക്കോട് - N.H.-47 (12.6 കി.മീ.) റോഡു പണി മാത്രമേ സ്ഥലം ലഭിക്കാത്തതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാതിരുന്നുള്ളൂ. ഇപ്പോൾ സ്ഥലമെടുപ്പ് പൂർത്തിയായി. പ്രസ്തുത ഭാഗത്തുകൂടി പണി ആരംഭിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിക്കഴിഞ്ഞു.

GPM. 2/608/2012—10

LIBRARY ARCHIVES Kerala Legislative Assembly